## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3776 31/01/2014- ൽ മറുപടിക്ക്

## പൂർത്തീകരിക്കാനുള്ള വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) എത്ര വൈദ്യുത ഉത്പാദനപദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കാമോ;<br><br>(ബി ഇവ ഓരോന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ | (എയും (ബി)യും<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരിക്കാനുള്ള ജലവൈദ്യുത പദ്ധതികളും, പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വർഷവും അനുബന്ധമായി ചേർക്കുന്നു.<br><br>മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ BOOT വ്യവസ്ഥയിൽ അനുവദിച്ച പദ്ധതികളിൽ താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്.<br><br>1. ആറ്റ് ലെ 6 MW<br>2. തുവലാർ 4 MW CPP ബിനാനിസിങ്ക്<br><br>ആറ്റ് ലെ 6MW പദ്ധതി സ്ഥലം ഏറ്റെടുക്കുന്ന ഘട്ടത്തിലാണ്. സ്ഥലം കിട്ടി കഴിഞ്ഞാൽ പദ്ധതി രണ്ടു കൊല്ലം കൊണ്ട് പൂർത്തീകരിക്കുവാൻ സാധിക്കും.<br><br>തുവലാർ 4 MW പദ്ധതി ഏലം സോണിൽപ്പെട്ടതാണ്. പദ്ധതിയ്ക്കായുള്ള കമ്പനിയുടെ കൈവശമിരിക്കുന്ന സ്ഥലം ഏലം സോണിൽ ആകയാൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ പ്രത്യേക സർക്കാർ അനുമതി വേണം. പദ്ധതി പൂർത്തീകരിക്കുവാൻ 2 വർഷം വേണം. |

(....2)

3. അപ്പർ വട്ടപ്പാറ 3.5 MW
4. ലോവർ വട്ടപ്പാറ 7 MW
5. അപ്പർ പൊരിങ്കൽ 7 MW
6. കറുംപെട്ടി 3.5 MW IPP– ഇൻഡ്സിൽ, പാർക്ക്സൺ എസ്റ്റേറ്റ് കൺസോഷ്യം)

അപ്പർ വട്ടപ്പാറ 3.5 MW പദ്ധതി - കാവേരി ജലതർക്കത്തിൽപ്പെട്ടതായതിനാൽ ഇതിന് വാട്ടർ റിസോർട്ട്സ് വകുപ്പ് അനുമതി ഇപ്പോൾ നിഷേധിച്ചിരിക്കുന്നു.

ലോവർ വട്ടപ്പാറ 7 MW പദ്ധതി - അപ്പർ വട്ടപ്പാറ പദ്ധതി നടപ്പിലായില്ലെങ്കിൽ സ്ഥാപിതശേഷി കുറച്ച് 3 MW ആയി ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ കിട്ടിയിരിക്കുന്നു. അനുമതി കിട്ടി രണ്ടു വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയും.

അപ്പർപൊരിങ്കൽ 7 MW പദ്ധതി- കടുവാ റിസർവ്വിന്റെ ബഫർ സോണിലാണോ പദ്ധതി വരുന്നതെന്നറിയാനുള്ള സർവ്വേയ്ക്ക് ഫോറസ്റ്റ് വകുപ്പ് ഇതുവരെ അനുമതി കൊടുത്തിട്ടില്ല.

കറുംപെട്ടി 3.5 MW സബ്മർജൻസ് ഏരിയാ വളരെ കൂടുന്നതിനാൽ പദ്ധതിയുടെ ശേഷി കുറച്ചുചെയ്യുവാനുള്ള അനുമതിയ്ക്കായി അപേക്ഷ കിട്ടിയിരിക്കുന്നു. പദ്ധതി പൂർത്തീകരിയ്ക്കാൻ രണ്ടു വർഷം വേണം.

7. പാൽച്ചുരം 3.5 MW
8. മുക്കട്ടത്തോട് 3 MW
9. ആലംപാറത്തോട് 3 MW IPP – ശ്രീ. ശക്തി പേപ്പർ മിൽസ് ലീഡ് മെമ്പറായ കൺസോഷ്യം).

പാൽച്ചുരം, മുക്കട്ടത്തോട്, ആലംപാറത്തോട്- സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടി ക്രമങ്ങൾ കണ്ണൂർ കളക്റ്ററേറ്റ് മുഖാന്തിരം നടന്നു വരുന്നു. പദ്ധതികൾ പൂർത്തിയാക്കുവാൻ കുറഞ്ഞത് രണ്ട് വർഷമാണ്.

10. കാരിക്കയം (ഘട്ടം II) 4.5 MW IPP – ശ്രീ. അയ്യപ്പാ പവർ പ്രോജക്ട് ലിമിറ്റഡ്

കാരിക്കയം രണ്ടാം ഘട്ടം പദ്ധതി പൂർത്തീകരിക്കുവാൻ ഇനിയും ആറുമാസക്കാലം എടുക്കും.

സെക്ഷൻ ഓഫീസർ

U.S. ചോ. No. 3776

# അനുബന്ധം

| | പദ്ധതി | MW | പൂർത്തീകരിക്കാനുദ്ദേശിക്കുന്ന വർഷം |
|---|---|---|---|
| 1. | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | December 2015 |
| 2. | തോട്ടിയാർ HEP | 40 | November 2015 |
| 3. | ചെങ്കുളം ഓഗ്മെന്റേഷൻ | - | August 2015 |
| 4. | വിലങ്ങാട് SHEP | 7.5 | June 2014 |
| 5. | ചാത്തൻകോട്ടുനട II SHEP | 6 | 2015 |
| 6. | ബാരാപ്പോൾ SHEP | 15 | 10/2014 |
| 7. | പെരുന്തേനരുവി | 6 | March 2015 |
| 8. | കക്കയം | 3 | May 2015 |
| 9. | വെള്ളത്തൂവൽ | 3.6 | February 2015 |
| 10. | ആഢ്യൻപാറ | 3,5 | January 2015 |
| 11. | ചിമ്മിനി | 2.5 | December 2014 |

സെക്ഷൻ ഓഫീസർ